# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 489

07.01.2014- ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണവകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ ഈ സർക്കാർ പെൻഷൻപ്രായം അൻപത്തിയെട്ട് ആക്കിയിട്ടുണ്ട് ; ഇവ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സ്ഥാപനങ്ങളാണോ; | (എ) സഹകരണവകുപ്പിന്റെ കീഴിലുള്ള ചുവടെ പറയുന്ന ബോർഡുകളിലെ ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഈ സർക്കാർ അൻപത്തിയെട്ട് ആക്കിയിട്ടുള്ളത്.<br>1. കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡ്.<br>2. കേള സഹകരണ വികസന ക്ഷേമനിധി ബോർഡ്.<br>3. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.<br>4. കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യരന്റി ഫണ്ട് ബോർഡ്.<br>മേൽ ബോർഡുകൾ സഹകരണ നിയമം അനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളല്ല. സർക്കാർ വിജ്ഞാപന പ്രകാരം രൂപീകൃതമായിട്ടുള്ള സ്ഥാപനങ്ങളാണ്. |
| ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാണോ ; അല്ലെങ്കിൽ ബാധകമായിട്ടുള്ള ചട്ടങ്ങൾ ഏതാണെന്ന് വ്യക്തമാ ക്കാമോ ; | (ബി) സഹകരണ വകുപ്പിന്റെ കീഴിലുള്ള ബോർഡുകളിലെ ജീവനക്കാർക്ക് കെ.എസ്.ആർ. പൂർണ്ണമായും ബാധകമാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ് , കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയിസ് ക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ഒഴികെയുള്ള ജീവനക്കാർക്ക്, സർക്കാർ അംഗീകരിച്ച് നല്കിയിട്ടുള്ള സ്റ്റാഫ് റെഗുലേഷനും സേവന വ്യവസ്ഥകളുമാണ്. അതുപ്രകാരം ജീവനക്കാരുടെ അവധികൾ , യാത്രാബത്ത, ശമ്പള നിർണ്ണയം എന്നിവയ്ക്ക് കെ.എസ്.ആർ ബാധകമാണ്. കേരള |

സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ കെ.എസ്.ആർ -ലെ നിശ്ചിത ചട്ടങ്ങൾക്ക് അനുസൃതമായിട്ടുള്ള ബോർഡ് ചട്ടങ്ങളാണ് ബാധകമാക്കി നടപ്പിലാക്കിവരുന്നത്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലും കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിലും സ്ഥിരം ജീവനക്കാർ, സഹകരണ വകുപ്പിൽ നിന്നുള്ള സർക്കാർ ജീവനക്കാരാണുള്ളത്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാണ്.

(സി) പെൻഷൻ പ്രായം സംബന്ധിച്ച സർക്കാരിന്റെ പൊതുവായ നയത്തിന് വിരുദ്ധമായി സഹകരണ സംഘങ്ങളല്ലാത്ത സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) കേരളത്തിലെ സഹകരണ സംഘങ്ങൾ/ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ പെൻഷൻപ്രായം നിലവിൽ 58 വയസ്സാണ്. സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിന് 23.11.1998 ൽ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള സർവ്വീസ് റൂൾസ് പ്രകാരം അതിലെ ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സാണ്. എല്ലാ സഹകരണ സംഘങ്ങളിലേയും കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിലേയും ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സായി തുടർന്നു വരുന്ന സാഹചര്യത്തിലാണ് സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ബോർഡുകളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സാക്കി നിലവിൽ ഏകീകരിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ ?

(ഡി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

[illegible]

GOVERNMENT OF KERALA

**Abstract**

Co-operation Department – Enhancement of retirement age of various Boards under Co-operation Department - Orders issued.

---

CO-OPERATION (C) DEPARTMENT

G.O.(Ms)No.146/2013/Co-op. Dated, Thiruvananthapuram, 29th November, 2013.

---

Read :- Letter No. WB/DG/4269/2013 Dated 18.11.2013 from the Additional Registrar/Secretary – Treasurer, Kerala State Co-operative Employees Welfare Board, Thiruvananthapuram.

ORDER

At present the retirement age of employees of Kerala Co-operative Pension Board, State Co-operative Union and other Co-operative Institutions are 58 years. The Managing Committee of the Kerala State Co-operative Employees Welfare Board in the meeting held on 02.04.2013 resolved to request Government to enhance the retirement age of its employees from the existing 56 years to 58 years vide letter read above.

2) The Government after having examined the matter in detail and are pleased to enhance the age of retirement of employees of the following Boards under Co-operation Department from 56 years to 58 years with immediate effect.

i. Kerala State Co-operative Employees Welfare Board.

ii. Kerala Co-operative Development and Welfare Fund Board.

iii. Kerala Co-operative Service Examination Board.

iv. Kerala Co-operative Deposit Guarantee Fund Board.

(P.T.O)

3) Accordingly the Boards concerned will take necessary steps to suitably amend their existing Staff Regulation and Service Condition Rules with the approval of Government.

(By order of the Governor)

Dr. V.M. GOPALA MENON
SECRETARY TO GOVERNMENT

1. The Registrar of Co-operative Societies, Thiruvananthapuram.
2. The Additional Registrar/Secretary, Treasurer, Kerala State Co-operative Employees' Welfare Board, Thiruvananthapuram.
3. The Joint Registrar/Secretary, Kerala Co-operative Development and Welfare Fund Board, Thiruvananthapuram.
4. The Joint Registrar/Secretary, Kerala Co-operative Deposit Guarantee Fund Board, Thiruvananthapuram.
5. The Deputy Registrar/Secretary, Kerala Co-operative Service Examination Board, Thiruvananthapuram.
6. The Principal Accountant General (Audit), Kerala, Thiruvananthapuram.
7. The Accountant General (A&E) Thiruvananthapuram.
8. The Finance Department (vide U.O. No.100950/AW-B2/13/Fin. Dated 27.11.2013.)
9. The General Administration (SC) Department.
10. The Co-operation (A, B & PS) Department.
11. Information Officer, Web & New media, I & PRD.
12. Stock file/Office copy.

Forwarded/By order

Section Officer